ഉത്തരം

(എ) നെല്ലിന്റെ വിലയിടിവ് തടയുന്നതിനും കർഷകർക്ക് നെല്ലിന് ന്യായവില ഉറപ്പു വരുത്തുന്നതിനുമായി വിരിപ്പു സീസണിൽ സർക്കാർ ഏർപ്പെടുത്തിയ നെല്ലുസംഭരണ പദ്ധതി ഈ വർഷവും കുട്ടനാട്ടിൽ 1998 സെപ്റ്റംബർ മാസത്തിൽ നടപ്പിലാക്കി. വെള്ള അരിയുടെ നെല്ലിന് കിന്റലിന് 550 രൂപയും മട്ട അരിയുടെ നെല്ലിന് 600 രൂപയും നൽകി. കോട്ടയം ജില്ലയിൽ നിന്നും നെല്ല് സംഭരിച്ചു. മറ്റു സീസണുകളിൽ കർഷകർ സംഭരണ ഏജൻസിക്ക് നേരിട്ട് നെല്ല് നൽകുമ്പോൾ 40 രൂപ കർഷകനും 20 രൂപ ഏജൻസിക്കും ഹാൻഡിലിംഗ് ചാർജ് നൽകുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും ഏജൻസികൾ നേരിട്ട് നെല്ല് ശേഖരിക്കുമ്പോൾ 60 രൂപ ഏജൻസിക്കുതന്നെ ഹാൻഡിലിംഗ് ചാർജ് നൽകുന്നുണ്ട്. ശേഖരിക്കുന്ന നെല്ല് അരിയാക്കി വിറ്റാൽ കിന്റലിന് 5 രൂപ നിരക്കിലും സംഘങ്ങൾക്ക് ധന സഹായം നൽകുന്നു.

(ബി) ഉണ്ട്. ഈ വർഷം ഇതുവരെ 3 വിളവെടുപ്പു വേളയിലായി 3.8 ലക്ഷം കിന്റൽ നെല്ല് കോട്ടയം, ആലപ്പുഴ ജില്ലകളിൽനിന്നും സംഭരിച്ചു.

(സി) സഹകരണസംഘങ്ങൾ വഴി നെല്ല് സംഭരിക്കുന്നത് സ്ഥിരം സംവിധാനമാണ്.

(ഡി) തകഴി (ആലപ്പുഴ), വെച്ചൂർ (കോട്ടയം), ആലത്തൂർ(പാലക്കാട്) എന്നിവിടങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ഓരോ റൈസ് മില്ല് സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) യഥാക്രമം 640-720, 670-700, 720-750, 800 രൂപ.

88 (380) ഔഷധ സസ്യകൃഷി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔഷധ സസ്യകൃഷി എവിടെയൊക്കെയാണ് കൃഷിവകുപ്പ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധ സസ്യകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി.

(ബി)&(സി) ഉണ്ട്. 1999-2000 സാമ്പത്തിക വർഷം 12 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 40 ഹെക്ടർ സ്ഥലത്ത് 0.05 ഹെക്ടറിന് 1500 രൂപാ നിരക്കിൽ നടീൽ വസ്തുക്കൾ കർഷകർക്ക് സൗജന്യമായി നൽകുന്നതാണ്.

89 (381) പച്ചമരുന്നുകളുടെ കൃഷി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നശിച്ചുകൊണ്ടിരിക്കുന്ന ആയുർവേദ പച്ചമരുന്നുകൾ നട്ടുപിടിപ്പിക്കാൻ വേണ്ട എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 1998-99 സാമ്പത്തിക വർഷം കേന്ദ്ര സഹായമായി ലഭിച്ച 9 ലക്ഷം രൂപ വിനിയോഗിച്ച് ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ 30 ഹെക്ടർ സ്ഥലത്ത് ഔഷധച്ചെടികൾ വച്ചു പിടിപ്പിച്ചു. ഈ സാമ്പത്തിക വർഷം 40 ഹെക്ടർ സ്ഥലത്ത് ഔഷധച്ചെടികൾ വച്ചു പിടിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

90 (382) കോൾകൃഷി വികസനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾകൃഷി വികസനത്തിനായി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതുവരെയായി നബാർഡിൽ നിന്ന് കിട്ടിയ സഹായം എത്ര;

(സി) ഈ പദ്ധതിയുടെ പ്രവർത്തനത്തിന് തുടർന്നും നബാർഡിൽ നിന്നും സഹായം ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ തുടർന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1999 മേയ് 31-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് എങ്കിലും സാമ്പത്തികമായ കാരണങ്ങളാൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒരു പ്രവൃത്തി കാല ഘട്ടം കൂടി (2000 മേയ് 31 വരെ) തുടർച്ചാനുമതി അനുവദിക്കണം എന്ന് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 20 കോടി രൂപ

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പുഴക്കൽ കനാൽ, കൂത്തുമാക്കൻ, റഗുലേറ്റർ, നന്തി റഗുലേറ്റർ, എന്നിവയുടെ പണി പൂർത്തിയാക്കാനുണ്ട്. ഇതിനുപുറമേ ആറു കനാൽ പാലങ്ങൾ, അറുപത്തിയഞ്ച് എഞ്ചിൻ അറകൾ, ഇരുപത്തിയഞ്ച് പ്ലത് ഇൻലറ്റുകൾ, പത്ത് റാമ്പുകൾ എന്നിവയുടെ പണി കൂടി പൂർത്തിയാക്കാനുണ്ട്.

91 (383) നീർമറി പദ്ധതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ്

LIBRARY ARCHIVES Kerala Legislative Assembly